● അഭിമുഖം/കെ.പി. ശശി


# 'ഡോക്യുമെന്ററി സിനിമകൾ സമരവും ജീവിതവുമാണ്'

**1980 മുതൽ ഡോക്യുമെന്ററി സിനിമയുടെ രാഷ്ട്രീയ പ്രസക്തി ഒരേ സ്വരത്തിൽ പറഞ്ഞുകൊണ്ടിരിക്കുന്ന കാർട്ടൂണിസ്റ്റ്, ആക്ടിവിസ്റ്റ്, എഴുത്തുകാരൻ, ഡോക്യുമെന്ററി - കഥാചലച്ചിത്രകാരൻ എന്നീ മേഖലകളിൽ ശ്രദ്ധേയനായ കെ.പി. ശശി കേരളീയത്തോട് സംസാരിക്കുന്നു.**

**തയ്യാറാക്കിയത് : മുസ്തഫ ദേശമംഗലം**

വർത്തമാന കാലത്തിന്റെ പൊതുഘടന നിലനിന്നു പോന്ന തരംതിരിവുകളിൽ നിന്ന് 'സിനിമ' എന്ന കലാമാധ്യമത്തെ രക്ഷപ്പെടുത്തിയിരിക്കുന്നു. സിനിമയുടെ പൊതു ചർച്ചകളിൽ ഇടം കണ്ടെത്താനാവാതെ പോയെങ്കിലും തെരുവുകളിലും സ്വകാര്യ യോഗങ്ങളിലും സജീവമായിരുന്നു അപ്പോഴും ഡോക്യുമെന്ററി സിനിമകൾ. കേരളത്തിൽ ഇപ്പോഴും സാധാരണ പ്രേക്ഷകർക്കിടയിൽ ഇക്കാര്യത്തിൽ കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. പക്ഷെ, ഇന്ന് ലോകം മുഴുവൻ ഡോക്യുമെന്ററി സിനിമാ സങ്കൽപ്പത്തിന് ഏറെ പ്രസക്തിയുണ്ടായിരിക്കുന്നു. അമേരിക്കൻ പ്രസിഡണ്ട് ജോർജ് ബുഷിനെയും ലോകരാജ്യങ്ങൾക്ക് അമേരിക്ക നൽകുന്ന ഫാസിസത്തിന്റെ സന്ദേശത്തെയും യുദ്ധകൊതിയെയും നിശിതമായി വിമർശിക്കുന്ന മൈക്കേൽ മൂറിന്റെ 'ഫാരൻഹീറ്റ് 9/11' എന്ന ഡോക്യുമെന്ററി സിനിമയാണിന്ന് ലോകം ആഘോഷിക്കുന്നത്. കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങളാകട്ടെ ഇന്നും കൂടുതൽ ഇടം നൽകുന്നത് ഇത്തരം സിനിമകൾക്കൊന്നുമല്ല. ജീവിക്കാനുള്ള അവകാശത്തിനുവേണ്ടിയും പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിനും വേണ്ടിയുമുള്ള ചെറുത്തുനിൽപ്പുകൾ കേരളത്തിൽ നിരവധിയാണ്. ഇത്തരം ജനകീയ സമരങ്ങളെ പൊതുജനമധ്യത്തിൽ കൊണ്ടുവരുന്നുതിൽ ഡോക്യുമെന്ററി സിനിമ നിർവ്വഹിച്ച പങ്ക് വളരെ വലുതാണ്. ഈ അർത്ഥത്തിൽ തന്നെയാണ് മൈക്കേൽ മൂറിന്റെ സിനിമയും ശ്രദ്ധേയമാകുന്നത്. കാൻ ഫെസ്റ്റിവലിൽ ശ്രദ്ധിക്കപ്പെടുന്ന ഏക ഡോക്യുമെന്ററി സിനിമയാണിത്.

***? ജനകീയ സമരങ്ങളിൽ ഡോക്യുമെന്ററി സിനിമയുടെ പങ്ക്***



കെ.പി. ശശി

ഏറ്റവും കൂടുതൽ ഡോക്യുമെന്ററി സിനിമകൾ നിർമ്മിക്കുന്നത് ഭരണകൂടവും കോർപ്പറേറ്റ് സ്ഥാപനങ്ങളുമാണ്. കൊക്കക്കോളക്കെതിരായി ഡോക്യുമെന്ററി സിനിമ ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ കൊക്കക്കോള കമ്പനി അവരുടെ പ്രചരണത്തിനുവേണ്ടി ഡോക്യുമെന്ററി സിനിമകൾ നിർമ്മിച്ചു. ഇവിടെ അത്തരം ഡോക്യുമെന്ററി സിനിമകളെക്കുറിച്ച് ഞാൻ സംസാരിക്കുന്നില്ല. ജനകീയ പ്രശ്നങ്ങളിൽ ഊന്നിയുള്ളതോ, ആക്ടിവിസ്റ്റ് ഡോക്യുമെന്ററി സിനിമകളോ, നിലവിലുള്ള വികസന സങ്കൽപങ്ങൾക്കെതിരെ ബദൽ നിർദ്ദേശിക്കുന്ന ഡോക്യുമെന്ററി സിനിമകളോ പോലുള്ള ഒരു ചെറിയ വിഭാഗം ഡോക്യുമെന്ററി സിനിമകളെക്കുറിച്ച് പറയാനാണ് എനിക്ക് ആഗ്രഹം. അടിയന്തിരാവസ്ഥയ്ക്ക് ശേഷം പലവിധത്തിലുള്ള ക്രിയാത്മകമായ ഇടപെടലുകളും ഇന്ത്യയിൽ ഉണ്ടായിട്ടുണ്ട്. കേരളത്തിലും ഇത്തരം ഇടപെടലുകൾ വളരെ പ്രസക്തമായിരുന്നു. ഈ ഇടപെടലുകൾക്ക് കാരണം അടിയന്തിരാവസ്ഥ സമ്മാനിച്ച ദുരനുഭവങ്ങളായിരുന്നു. 1982ൽ ഞാൻ ആദ്യ ഡോക്യുമെന്ററി സിനിമ തുടങ്ങുമ്പോൾ ആക്ടിവിസ്റ്റ് ഡോക്യുമെന്ററി സംവിധായകരായി ആനന്ദ് പട്വർദ്ധൻ, തപൻബോസ് തുടങ്ങിയ അപൂർവ്വം ചിലർ മാത്രമാണ് ഉണ്ടായിരുന്നത്.

പക്ഷെ ഇന്ന് ഇത് ഇന്ത്യയിലെ ഒരു ശക്തമായ ഒരു പ്രസ്ഥാനമായി മാറിക്കഴിഞ്ഞു. ഞാൻ ഡോക്യുമെന്ററികൾ ചെയ്തു തുടങ്ങുന്ന കാലത്ത് ജനകീയ സമരങ്ങളിൽ ഡോക്യുമെന്ററികൾക്ക് എന്തെങ്കിലും സ്ഥാനമുണ്ടായിരുന്നതായി അറിവുണ്ടായിരുന്നില്ല. ഇന്നു നടക്കുന്ന എല്ലാ ജനകീയ സമരങ്ങളും ഡോക്യുമെന്ററി സിനിമയ്ക്ക് സ്ഥാനം നൽകുന്നുണ്ട്. ഒരു എഴുത്തുകാരനോ അല്ലെങ്കിൽ ആക്ടിവിസ്റ്റോ ഒരു ജനകീയ പ്രശ്നത്തെക്കുറിച്ച് പറയുമ്പോൾ അവർ ആ സമരങ്ങളെ പ്രതിനിധീകരിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, ഡോക്യുമെന്ററി സിനിമയിലൂടെ പലപ്പോഴും പ്രശ്നം അനുഭവിക്കുന്നവർ തന്നെ നേരിട്ട് പൊതുജനങ്ങളോട് സംവദിക്കുകയാണ് ചെയ്യുന്നത്.

ജാർഖണ്ഡിലോ ഒറീസയിലെ കാശിപൂരിലോ, കേരളത്തിലെ പ്ലാച്ചിമടയിലോ ഉള്ള സമരം ചെയ്യുന്ന അല്ലെങ്കിൽ പ്രശ്നം അനുഭവിക്കുന്ന ആദിവാസികൾ അടക്കം ഉള്ളവർക്ക് സാധാരണ മനുഷ്യരോട് നേരിട്ട് സംസാരിക്കാനുള്ള വേദി ഡോക്യുമെന്ററി സിനിമകൾ നൽകുന്നു. ജാർഖണ്ഡിൽനിന്ന് പ്ലാച്ചിമടയിലേക്കോ പ്ലാച്ചിമടയിൽനിന്ന് ഗുജറാത്തിലേക്കോ ഉള്ള ദൂരം ഡോക്യുമെന്ററി സിനിമകൾ ഇല്ലാതാക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ചുരുക്കത്തിൽ ഡോക്യുമെന്ററി സിനിമകൾ ജനകീയ സമരങ്ങളുടെ തലം വ്യാപിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരം ഡോക്യുമെന്ററി സിനിമ



'ശ്ശ്... സൈലൻസ് പ്ലീസ്' എന്ന സിനിമയിൽ നിന്ന്

കൾ സമരങ്ങളെക്കുറിച്ചുള്ള അറിവ് നൽകുകയും പ്രചോദനം നൽകുകയും സമരത്തിന് അവരെ സജ്ജരാക്കുകയും ചെയ്യുന്നു.

*? ഡോക്യുമെന്ററി സിനിമയിലേക്ക് തിരിയാനുണ്ടായ കാരണം*

1981 വരെ പ്രധാന മേഖല കാർട്ടൂൺ രചനയായിരുന്നു. ബോംബെയിൽ 'ഫ്രീപ്രസ്' മാഗസിനിൽ കാർട്ടൂൺ വരക്കുന്ന കാലത്ത് വെറും രാഷ്ട്രീയ നേതാക്കളെയായിരുന്നു കളിയാക്കിയിരുന്നത്. അക്കാലത്ത് ആനന്ദ് പട്വർദ്ധന്റെയും തപൻ ബോസിന്റെയുമൊക്കെ സിനിമകൾ കാണാൻ അവസരം ലഭിച്ചു. ഇവരുടെ സിനിമകൾ എന്നെ വളരെയേറെ സ്വാധീനിച്ചു. ഇവരുടെ സിനിമകളായിരുന്നു യഥാർത്ഥത്തിൽ ഡോക്യുമെന്ററി സിനിമയ്ക്കു നിർവ്വഹിക്കാവുന്ന രാഷ്ട്രീയ മൂല്യങ്ങളെക്കുറിച്ച് തിരിച്ചറിവുണ്ടാക്കിയത്. അങ്ങനെയാണ് കാർട്ടൂണിനൊപ്പം ഡോക്യുമെന്ററി സിനിമകൾ ചെയ്യാൻ തീരുമാനിച്ചത്. ഇന്ന് സി-ഡിറ്റിലുള്ള മോഹൻകുമാറും അന്തരിച്ച ലോനപ്പൻ കള്ളിയത്തും ഞാനും ചേർന്ന് 1982 ൽ ഒരു ഡോക്യുമെന്ററി സിനിമയുണ്ടാക്കി. 8 എം.എം. ഫിലിമിലായിരുന്നു ഈ സിനിമ ചിത്രീകരിച്ചത്. കവി വി.ജി. തമ്പി, കേരളവർമ്മ കോളേജിലെ ഡോ. കെ. ഗോപിനാഥ് തുടങ്ങിയ സുഹൃത്തുക്കളാണ് ഇതിനുവേണ്ടിയുള്ള പണം ജനങ്ങളിൽനിന്ന് സ്വരൂപിച്ചത്. കേരള ശാസ്ത്ര സാഹിത്യപരിഷത്തിനെക്കുറിച്ചായിരുന്നു ഈ സിനിമ. ശേഷം ചെയ്ത 'റോപ്പ്' എന്ന സിനിമ പ്രശ്നങ്ങളെ ജനസമക്ഷം അവതരിപ്പിക്കാനുള്ള മനുഷ്യന്റെ ഒത്തൊരുമയുടെ ആവശ്യകതയെക്കുറിച്ചുള്ളതായിരുന്നു.

***? ഡോക്യുമെന്ററി സിനിമയുമായുള്ള അനുഭവം കേരളത്തിൽ എങ്ങനെയായിരുന്നു.***

1980 കളിൽ തന്നെ കേരളത്തിലെ ഏതാണ്ടെല്ലാ ജില്ലകളിലും വ്യത്യസ്തമായ ഡോക്യുമെന്ററി സിനിമകൾ ചിത്രീകരിച്ചിട്ടുണ്ട്. പി. ബാബുരാജ്, കെ. സതീഷ് എന്നിവരായിരുന്നു അക്കാലത്ത് സജീവമായി കൂടെയുണ്ടായിരുന്നത്. സിനിമ ജനങ്ങളിലേക്ക് എത്തിക്കുന്ന ശ്രമത്തിലും നിർമാണത്തിലും കെ.സി. സന്തോഷ് കുമാർ, എ.ജെ. പീറ്റർ എന്നിവർ പിന്നീട് കൂടെ നിന്നവരായിരുന്നു. ഇങ്ങനെ ചിത്രീകരിച്ച മിക്കചിത്രങ്ങളും കേരളത്തിനകത്തും പുറത്തും ഇവർ കൊണ്ടുനടന്ന് കാണിച്ചിട്ടുണ്ട്. കെ. സതീഷിന്റെ നേതൃത്വത്തിൽ ടിവിയും വിസിആറും ചുമന്ന് കേരളത്തിന്റെ ഓരോ മുക്കിലും മൂലയിലും സിനിമകൾ പ്രദർശിപ്പിക്കുകയുണ്ടായിട്ടുണ്ട്. അക്കാലത്ത് കേരളീയ സമൂഹത്തിൽ പുതിയൊരു അനുഭവമായിരുന്നു ഇത്തരം സിനിമകൾ. ഇന്ന് കേരളം അതിൽ നിന്നെല്ലാം വളരെയേറെ മുന്നോട്ടു പോയിരിക്കുന്നു. ജനകീയ പ്രശ്നങ്ങളെക്കുറിച്ച് സിനിമയുണ്ടാക്കാനും കൊണ്ടുനടന്ന് കാണിക്കാനും അശ്രാന്തം പരിശ്രമിച്ചവരാണ് സി. ശരത്ചന്ദ്രനെപ്പോലുള്ളവർ. തിയ്യേറ്ററുകളിൽ പ്രദർശിപ്പിക്കുന്ന കച്ചവട സിനിമകൾക്കും ഫിലിം സൊസൈറ്റികൾ പ്രദർശിപ്പിച്ചിരുന്ന ആർട്ട് സിനിമകൾക്കപ്പുറം പുതിയൊരു തലമായിരുന്നു ഇത്തരം സിനിമകളുടെ പ്രദർശനം. ഇന്ന് ഫിലിം സൊസൈറ്റികൾ പോലും ഈ സാധ്യത ഉപയോഗിക്കുന്നുണ്ട്.

ഇപ്പോൾ ഞങ്ങൾ ചെയ്യുന്ന സിനിമകൾ പ്രദർശിപ്പിക്കാൻ കേരളത്തിൽ നിരവധി ആളുകളും ഗ്രൂപ്പുകളുമുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്തരം സിനിമാ പ്രേക്ഷകർ ഇടതുപക്ഷ-പരിസ്ഥിതി എന്നീ കാഴ്ചപ്പാടുകളുള്ള ഒരു വിഭാഗമാണ്. ഈ സങ്കലനം ചിലപ്പോൾ പ്രശ്നങ്ങളും ചിലപ്പോൾ ഗുണങ്ങളുമുണ്ടാക്കാറുണ്ട്. പക്ഷെ ഗുണപരമായി ചിന്തിക്കുകയാണെങ്കിൽ ഈ സങ്കലന വിഭാഗമാണ് സൈലന്റ് വാലി, പൂയംകുട്ടി, ചാലിയാർ, പെരിങ്ങോം തുടങ്ങിയ സമരങ്ങളുടെ വിജയകാരണം. ഇന്ന് പെരിയാർ, മലമ്പുഴ, ഭവാനി തുടങ്ങിയവ ആഗോളവത്ക്കരണം മൂലമുള്ള വില്പനയ്ക്ക് വഴങ്ങാത്തതിന് കാരണവും ഈ സങ്കലന വിഭാഗത്തിന്റെ ഇടപെടലുകൾകൊണ്ടുതന്നെയാണ് മറ്റു സംസ്ഥാനങ്ങളിൽ ഇത്തരം വിജയങ്ങൾ കുറവാണ്. ഈ പ്രത്യേക വിഭാഗം തന്നെയാണ്. ഡോക്യുമെന്ററി സിനിമകളുടെ മുഖ്യ പ്രേക്ഷകർ.

***? നർമ്മദ സമരത്തിന് ശശിയുടെ ഡോക്യുമെന്ററി നിർവ്വഹിച്ച പങ്ക്***

പ്രശ്നാധിഷ്ഠിതമായ ഡോക്യുമെന്ററി സിനിമകൾക്ക് ഏറ്റവും കൂടുതൽ അവസരം നൽകിയ സമരമായിരുന്നു നർമ്മദ. പല മേഖലകളിലും കഴിവുകളുള്ളവർക്കും ഈ സമരത്തിൽ പലതരം അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് നർമ്മദ സമരത്തിൽ ഡോക്യുമെന്ററി സിനിമയ്ക്കും ഏറെ പ്രസക്തിയും പങ്കും ഉണ്ടായത്. തിരിച്ച് സമരത്തെകുറിച്ചുള്ള ഡോക്യുമെന്ററി സിനിമകൾ ഉണ്ടാക്കിയ സാധ്യത ഉപയോഗിക്കാൻ സമരത്തിനും കഴിഞ്ഞിരുന്നു. നർമ്മദ സമരത്തെക്കുറിച്ചുള്ള ആദ്യത്തെ സിനിമയായിരുന്നു ഞങ്ങൾ ചെയ്ത "വാലി റഫ്യൂസസ് റ്റു ഡൈ". ഈ സിനിമ ഇന്ത്യയിലെ നർമ്മദ സമരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച നിരവധി സംഘടനകളും വ്യക്തികളും പ്രദർശിപ്പിക്കുകയുണ്ടായി. ഇതിന് ശേഷം കുറെയേറെ ഡോക്യുമെന്ററി സിനിമകൾ നർമ്മദ സമരത്തെക്കുറിച്ച് ഉണ്ടായിട്ടുണ്ട്. പക്ഷെ ഓരോ സിനിമയും ഈ സമരത്തിന്റെ വ്യത്യസ്ത മുഖങ്ങളാണ് ചിത്രീകരിച്ചത്. ഒരു സിനിമയും ആവർത്തനമായിരുന്നില്ല എന്നത് വളരെ പ്രസക്തമാണ്. പ്രസ്തുത അണക്കെട്ടിനുവേണ്ടിയുള്ള ജപ്പാൻ, വേൾഡ് ബാങ്ക് ഫണ്ടുകൾ നിർത്തലാക്കാൻ അന്തർദേശീയ തലത്തിൽ പല സംഘടനകളും ശബ്ദമുയർത്തിയിരുന്നു. അതിന്റെ ഭാഗമായി അവർ ഈ ഡോക്യുമെന്ററി സിനിമ ഉപയോഗിച്ചിരുന്നു. ഫ്രാൻസിൽ ഇത്

*(ശേഷം പേജ് 17 ൽ)*